# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# (2025-26)

# ഗവ. മുസ്ലിം എൽ. പി. സ്ക്കൂൾ ഈരാറ്റുപേട്ട

# **അക്കാദമിക് മാസ്റ്റർ പ്ലാൻ**

മികച്ച കാൽവയ്പ്പോടെ 2025 ലേക്ക്

# ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ

2. ആമുഖം

3. ചരിത്രം

4. സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ

5. നേട്ടങ്ങൾ, പരിമിതികൾ

6. അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

7. രക്ഷിതാക്കൾ അറിയാൻ

8. ലക്ഷ്യങ്ങൾ

9. പൊതു ലക്ഷ്യം

10. പദ്ധതി വിശദാംശം (മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലയളവ്, ചുമതല)

# അടിസ്ഥാന വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര്: ഗവ.മുസ്ലിം എൽ.പി.സ്കൂൾ
- വിലാസം. : ഈരാറ്റുപേട്ട പി.ഒ, 686121,
- ഫോൺ. : 04822 276414
- സ്കൂൾ കോഡ്. : 32210
- വിദ്യാഭ്യാസ ഉപജില്ല. : ഈരാറ്റുപേട്ട
- വിദ്യാഭ്യാസ ജില്ല. : കാഞ്ഞിരപ്പള്ളി
- റവന്യൂ ജില്ല. :കോട്ടയം
- ബി. ആർ. സി. : ഈരാറ്റുപേട്ട
- സി. ആർ. സി. : ഈരാറ്റുപേട്ട

- മുനിസിപ്പാലിറ്റി. : ഈരാറ്റുപേട്ട
- ബ്ലോക്ക് പഞ്ചായത്ത്. : ഈരാറ്റുപേട്ട
- ജില്ലാ പഞ്ചായത്ത്. : കോട്ടയം
- നിയമസഭാ മണ്ഡലം. : പൂഞ്ഞാർ
- ലോക്സഭാ മണ്ഡലം. : പത്തനംതിട്ട
- താലൂക്ക്. : മീനച്ചിൽ
- വില്ലേജ്. : ഈരാറ്റുപേട്ട
- ഇ മെയിൽ. : gmlpseratupeta@gmail.com
- സ്കൂൾവിക്കി :ഗവ.മുസ്‌ലിംഎൽ.പിസ്കൂൾ

# ആമുഖം

**ആ**ധുനിക കേരള സമൂഹത്തെ രൂപപ്പെടുത്തുന്നതിന് അടിത്തറ പാകിയത് നമ്മുടെ പൊതു വിദ്യാഭ്യാസ മേഖലയാണ്.എല്ലാ മനുഷ്യരും തുല്ല്യരാണ് എന്ന പൊതു ബോധം മലയാളിയിൽ ഊട്ടി ഉറപ്പിച്ചതിൽ പൊതു വിദ്യാഭ്യാസ മേഖലവഹിക്കുന്ന പങ്ക് വളരെ വലുതാണ്.

അറിവിന്റെ ശ്രീകോവിലിൽ ആദ്യാക്ഷരം കുറിക്കുവാൻ എത്തിച്ചേർന്ന കുരുന്നുകളിൽ വിജ്ഞാനത്തിന്റെ നിറ ദീപം തെളിയിച്ച് ചരിത്ര വഴികളിലൂടെ 78 വർഷം പൂർത്തിയാക്കി, നമ്മുടെ വിദ്യാലയം അതിന്റെ മികവുറ്റ പ്രവർത്തനങ്ങളിലൂടെ ജൈത്രയാത്ര തുടരുകയാണ്. അതിന് ചുക്കാൻ പിടിക്കുന്നതാകട്ടെ ഇവിടുത്തെ സേവന സന്നദ്ധരായ അധ്യാപകരും രക്ഷിതാക്കളുമാണ് .

കുട്ടികളുടെ പഠന പാഠ്യേതര പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കൾ നൽകുന്ന പിന്തുണ പറഞ്ഞറിയിക്കാൻ കഴിയാത്തത്രയാണ്. അതുകൊണ്ട് തന്നെ മികച്ച PTA ക്കുള്ള അവാർഡും വർഷങ്ങളായി ഗവ. മുസ്ലിം എൽ പി സ്കൂൾ ഈരാറ്റുപേട്ടക്ക് സ്വന്തമാണ്.

# സ്കൂൾ ചരിത്രം

**കോ**ട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട വില്ലേജിൽ ഈരാറ്റുപേട്ട പഞ്ചായത്തിൽ പത്താം വാർഡിൽ MES ജംഗ്ഷനിലാണ് ഈരാറ്റുപേട്ട ഗവ. മുസ്ലിം എൽ .പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനത്തിന്റെ തെക്കെ അതിരിൽ മീനച്ചിലാറും വടക്ക് എറ്റുമാനൂർ - പൂഞ്ഞാർ ഹൈവേയുമാണ്. വാഗമണ്ണിനും പൂഞ്ഞാറിനും തിരിയുന്ന കവലയിൽ സ്ഥിതി ചെയ്യുന്ന കൊണ്ടാവണം ***കവല സ്കൂൾ*** എന്നാണ് ഈ വിദ്യാലയം നാട്ടിൽ അറിയപ്പെടുന്നത്.

ഈരാറ്റുപേട്ടയിലെ മുഴുവൻ വാർഡുകളിൽ നിന്നും വിദ്യാർത്ഥികൾ ഈസ്ഥാപനത്തിൽ പഠിക്കുന്നുണ്ടെങ്കിലും, 8 മുതൽ 12 വരെ വാർഡുകളിൽ നിന്നുള്ളവരാണേറെയും. കൂടാതെ പൂഞ്ഞാർ പഞ്ചായ ത്തിലെ 1,2 വാർഡുകളിൽനിനുള്ള ധാരാളം കുട്ടികൾ ഇവിടെ പഠിക്കുന്നു.

പാലാ AEO യുടെ 1-12-115 ലെ 2110/02 നമ്പറിലുള്ള ഉത്തരവിൻ പ്രകാരം 7/12/115 (22/07/1940)-ലാണ് ഈ സ്കൂൾ ആരംഭിച്ചത്. തുടക്കത്തിൽ 21 സെന്റെ സ്ഥലം നാട്ടുകാർ വില കൊടുത്തു വാങ്ങി ഗവൺമെന്റിനെ എൽപിച്ചു, ഈരാറ്റുപേട്ട പുതുപ്പറമ്പിൽ സാദുകുട്ടി, കുഞ്ഞിമുഹമ്മദ് മുതൽ പേർ സ്കൂളിനാവശ്യമായ സ്ഥലം ഗവൺമെൻറിലേക്ക് കൊടുത്തിട്ടുള്ളതാണ്. 1964 ലാണ് 84 സെൻറ് സ്ഥലംകൂടി (69 സെന്റും പുറം പോക്കും) ഗവൺമെൻറ് പൊന്നും വിലക്കെടുത്തത്. ഭൂമി കൈമാറ്റം ചെയ്യുന്നതിന് വേണ്ടി 750 രൂപ അടച്ചത് മറ്റക്കൊമ്പനാൽ എം ഫരീദ് M.A.B.L അവർകളാണ്. ആസ്ഥലത്ത് ഒരു ഓല ക്കെട്ടിടത്തിൽ കൊല്ലവർഷം 1115 കർക്കിടകം 7-നാണ് (22/07/1940) സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.

**ഈ**രാറ്റുപേട്ട ഗ്രാമപഞ്ചായത്ത് നിലവിൽ വരുന്നതിനും 22 വർഷങ്ങൾക്ക് മുമ്പേ ഈസ്കൂൾ സ്ഥാപിതമായി. തുടക്കത്തിൽ ഒന്നും, രണ്ടും ക്ലാസ്സുകൾ മാത്രമാണുണ്ടായിരുന്നത്. പല പ്രായക്കാരായ 120 കുട്ടികളും പഠിപ്പിക്കാൻ പ്രധാനാധ്യാപകൻ മാത്രം. 1946 ൽ മൂന്നാം ക്ലാസും 1947 ൽ നാലാം ക്ലാസും 1948 ൽ അഞ്ചാം ക്ലാസും ആരംഭിച്ചു. 8 വർഷങ്ങൾക്ക് ശേഷമാണ് 100 അടി നീളമുള്ള ഒരു സ്ഥിരം കെട്ടിടം പണിതത്. 1962 ൽ 40 അടി നീളമുള്ള ഒരു ഷെഡ്

കൂടി പണിതു. ആ സമയത്ത് 20 ഡിവിഷനുകൾ നിലവിൽ ഉണ്ടായിരുന്നു. 1964 ൽ 69 സെന്റ് സ്ഥലം ഗവർൺമെന്റ് പൊന്നും വിലക്ക് വാങ്ങി. ഇപ്പോഴുള്ള പ്രധാന കെട്ടിടത്തിന് 8 - 2 - 1969 ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ. സി.എച്ച് മുഹമ്മദ് കോയ തറക്കല്ലിട്ടു. 11-4-1970 ൽ പൊതുമരാമത്ത് മന്ത്രി ശ്രീ .അവുക്കാദർകുട്ടി നഹ ഉദ്ഘാടനം ചെയ്തു. 29-03-86 ൽ ഷീറ്റിട്ട കെട്ടിടത്തിന് ശ്രീ പിസി ജോർജ് എം.എൽ. എ തറക്കല്ലിട്ട് 08-08-96 ൽ വിദ്യാഭ്യാസമന്ത്രി ശ്രീ റ്റി.എം ജേക്കബ് ഉദ്ഘാടനം ചെയ്തു. 1992 ൽ സ്കൂൾ പി.ടി എ യുടെ നേതൃത്വത്തിൽ നഴ്സറി ആരംഭിച്ചു .2010 ൽ സ്കൂളിന്റെ സപ്തതി ആഘോഷിക്കുകയും ശ്രീ ആന്റോ ആന്റണി എം.പി സ്കൂൾ ബസ് വാങ്ങുന്നതിന് പ്രാദേശിക വികസന ഫണ്ട് അനുവദിക്കുകയും ചെയ്തു. 2014 ൽ സ്കൂൾ പി.റ്റി.എ മറ്റൊരു ബസ് കൂടി വാങ്ങി .2015 ൽ കെ.എസ്.എഫ്.ഇ യുടെ സി.എസ്.ആർ ഫണ്ടിൽ നിന്നും ഡയറക്ടർ ശ്രീ .പി.എം ഷരീഫിന്റെ ശ്രമ ഫലമായി മൂന്നാമതൊരു ബസ് കൂടി സ്കൂളിന് ലഭിച്ചു. 2020 ൽ PTA യുടെ നേതൃത്വത്തിൽ കൂടുതൽ യാത്രാസൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നാലാമതൊരു ബസ്സ് കൂടി വാങ്ങി. 2005 മുതൽ നേഴ്സറിയിലും സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചു. നിലവിൽ 4 ഇംഗ്ലീഷ് മീഡിയം ഡിവിഷനും 1 മലയാളം മീഡിയം ഡിവിഷനും ഉൾപ്പെടെ 5 ഡിവിഷനുകൾ വീതം 1 മുതൽ 4 വരെ ക്ലാസുകളിൽ ഉണ്ട്. നഴ്സറി ക്ലാസുകളിൽ 3 ഡിവിഷനുകൾ വീതവും നിലവിൽ പ്രവർത്തിച്ചു പോരുന്നു. 2025 -26 അദ്ധ്യയന വർഷം നേഴ്സറി മുതൽ നാലാം ക്ലാസ്സ് വരെ 920 കുട്ടികൾ ഇവിടെ പഠിക്കുന്നു.

സ്ത്രീ വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിനുവേണ്ടി പെൺകുട്ടികൾക്ക് മാത്രമായി ആരംഭിച്ചതാണ് ഈ സ്കൂൾ. ഇപ്പോൾ ആൺ കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. ഈ സ്കൂളിലെ ആദ്യത്തെ വിദ്യാർതഥിനി കെ.എം ഉമ്മു അൽദ് ബീവി കാരക്കാട് ആണ് ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ ധാരാളം പേർ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഡോക്ടർമാരും, എഞ്ചിനിയർമാരും, പ്രൊഫസർമാരും രാഷ്ട്രീയപ്രവർത്തകരുമടക്കം ധാരാളം പേർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

എസ്.എസ്.എ ആരംഭിച്ചതോടുകൂടി സ്കൂളിൻറെ ഭൗതിക സാഹചര്യ ഏറെ മെച്ചപ്പെട്ടു. ചുറ്റുമതിൽ, അഡീഷനൽ ക്ലാസ്സ് റൂം, ഇലക്ട്രിഫിക്കെഷൻ കുടിവെള്ള സൗകര്യം, ടോയ്ലറ്റുകൾ സെപറേഷൻ വാൾ എന്നിവയെല്ലാം നിർമ്മിച്ചു. 2019 ൽ 8 ക്ലാസ് റൂമുകൾ ഉൾപ്പെടുന്ന ഇരുനില കെട്ടിടത്തിന്റെ ഉല്ഘാടനം നടന്നു. 2023 ൽ പ്രീ പ്രൈമറി കുട്ടികൾക്കായി 10 ലക്ഷം രൂപ യുടെ വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കി. മുനിസിപ്പാലിറ്റിയുടെ

സഹായത്തോടെ പ്രവേശന കവാടം , കുടിവെള്ള സൗകര്യം എന്നിവ പുതുതായി നിർമ്മിച്ച്. പി.റ്റി.എ ഫണ്ട് ഉപയോഗിച്ച് കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനായി ഹാൾ നിർമ്മിച്ചു. പൂന്തോട്ടം, ടോയ് ലറ്റു, സ്റ്റാഫ് റൂം, മഴവെള്ള സംഭരണി എന്നിവ നിർമ്മിക്കുന്നതിന് മെയിൻറൻസ് നടത്തുന്നതിനും എം ജി.പി ഫണ്ട് ഉപയേഗിച്ചു. കൂടാതെ അഡിഷനൽ ടീച്ചർ, സൗജന്യ പാഠപുസ്തകം, യുണിഫോം, പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശിലനം, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ,. 2005-2006-ൽ എം.എൽ.എ ഫണ്ടിൽ നിന്നും ഒരു കംപ്യൂട്ടർ ലഭിച്ചു 2010-2011-അദ്ധ്യയന വർഷം കോട്ടയം ജില്ലയിൽ ഏറ്റുവും കൂടുതൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർത്തതിനുള്ള കേരള സർക്കാരിൻറെ പത്ത് ലക്ഷം രുപ അവാർഡ് ലഭിച്ചു. 2012-2013 അദ്ധ്യയന വർഷങ്ങളിൽ ഈരാറ്റുപേട്ട സബ് ജില്ലയിലെ എറ്റവും നല്ല പി. റ്റി. എ ക്കുള്ള അവാർഡ് ലഭിച്ചു. 2014-2015 - ൽ കോട്ടയം ജില്ലയിലെ മികച്ച രണ്ടാമത്തെ പി റ്റി എ ആയി തിരഞ്ഞെടുക്കപ്പെട്ടു. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഇവിടുത്തെ കുട്ടികൾ മുൻപന്തിയിലാണ് സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പടുത്തുന്നതിനുള്ള പ്രധാന സ്രോതസ്സ് എസ്. എസ് .എ ആണ്. കൂടാതെ പഞ്ചായത്ത്. എം.എൽ. എ, എം.പി എന്നിവരുടെ ഫണ്ടുകളും സ്കൂൾ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഐ.ടി @ സ്കൂൾ പൈലറ്റ് പ്രൊജക്ടിൽ ഉൾ പ്പെടുത്തി പത്ത് ലാപ് ടോപ്പുകളും നാല് പ്രൊജക്ടറുകളും ലഭ്യമായിട്ടുണ്ട്. 2019 ൽ 10 ലാപ്ടോപ്പുകളും നാല് പ്രോജക്ടറുകളും വീണ്ടും ലഭിച്ചു. 2021 ൽ വിദ്യകിരണം പദ്ധതി പ്രകാരം ഒരു ലാപ്ടോപ് കൂടി ലഭ്യമായി. 2025 ൽ പിടിഎ യുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ് റൂമുകളും ഹൈടെക് സ്മാർട്ട് റൂമുകൾ ആക്കി മാറ്റി. പഠന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുവാൻ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിൻറ ഭാഗമാണിത്. ഈ പദ്ധതി സ്കൂളുകൾ ഹൈ ടെക് ആക്കുന്നതിനായി സ്മാർട്ട് ക്ലാസ്സ്റൂം അധ്യയനത്തിന് പ്രയോജന പ്പെടുത്തുന്നു ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ മികച്ചരീതിയിൽ അധ്യയനം നടത്തുകയും കുട്ടികൾക്ക് മികച്ച വിജയം കൈവരിക്കുന്നതിന് സാധിക്കുകയും ചെയ്യുന്നു.

ഈ സ്കൂളിന്റെ തുടക്കം മുതൽ ഇതിന്റെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ച എല്ലാ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ

1. ഇൻഡോർസ്റ്റേഡിയത്തിന്റെ അഭാവം

2. സ്പോർട്സ് ഉപകരണങ്ങൾ / പരിശീലകർ എന്നിവയുടെ അഭാവം

3. സ്കൂൾ ലൈബ്രറി ക്ലാസ് തല ലൈബ്രറി ഇവയുടെ പരിമിതി

4. ഓരോ ക്ലാസിലും കുട്ടികൾക്ക് ശുദ്ധജലം ' ലഭ്യമാക്കുന്നതിനുള്ള വാട്ടർ പ്യൂരിഫയറിന്റെ അഭാവം

5. അക്കാദമികേതര പ്രവർത്തനങ്ങൾക്കുള്ള പരിശീലനം ലഭ്യമാക്കുന്നതിനുള്ള പ്രയാസം

6. അടുക്കള, നേഴ്സറി മുതൽ നാലു വരെ ഒരുമിച്ച് പ്രവർത്തിക്കാൻ പര്യാപ്തമായ ആധുനിക സൗകര്യങ്ങളോടു കൂടിയ ബിൽഡിങ്

7. കലാപരമായ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകുന്നതിന് ഒരു അധ്യാപകന്റെ / പരിശീലകന്റെ അഭാവം ബി ബി

# അക്കാദമികമായി ഏറ്റെടക്കേണ്ട പ്രവർത്തത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടി
- പ്രതിഭാപോഷണ പരിപാടി
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠന യാത്ര
- സ്കൂൾ പത്രം മാസിക

- അധ്യാപക ശാക്തികരണം
- പ്രവർത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- മെഡിക്കൽ ക്യാമ്പ്
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- ഗവേഷണാത്മക പഠനം
- കായിക ശേഷി വികസനം
- IT പഠനം കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം

# രക്ഷിതാക്കൾ അറിയാൻ

- സിരിയലുകൾ ഒഴിവാക്കുക
- ഏഴുമണിക്കൂർ കുട്ടികൾ ഉറങ്ങട്ടെ
- ഫാസ്റ്റ് ഫുഡ് ഒഴിവാക്കുക
- ഇലക്കറികൾ,ചെറുപയർ, നെല്ലിക്ക എന്നിവ ധാരാളം കൊടുക്കുക
- വൈകുന്നേരങ്ങളിൽ ബേക്കറി ഒഴിവാക്കുക
- ദോശ, ഇഡലി, ഇലയട, കൊഴുക്കട്ട, അരിയുണ്ട അവൽ, പഴങ്ങൾ, ഏത്തപ്പഴം പുഴുങ്ങിയത് മുതലായ ആരോഗ്യകരമായ ഭക്ഷണം നൽകുക
- രാത്രി ഭക്ഷണം മിതമായി കഴിക്കുക
- നേരത്തെയും കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നും ഭക്ഷണം കഴിക്കുക.
- മനസ്സിന് സന്തോഷം വരുന്ന കാര്യങ്ങൾ മാത്രം കഴിക്കുന്ന സമയം സംസാരിക്കുക
- അനാവശ്യ ദേശ്യപ്പെടലുകൾ ഒഴിവാക്കുക
- വീട്ടിലെ പണികളിൽ പങ്കാളികളാക്കുക

- യൂണിഫോം കഴുകാനുള്ള ബക്കറ്റിൽ ഇടാൻ ശീലിപ്പിക്കുക
- ഭക്ഷണശേഷം പാത്രം കട്ടികൾ സ്വന്തമായി വൃത്തിയാക്കാൻ പഠിപ്പിക്കുക
- വ്യക്തി ശുചിത്വം പാലിക്കുക
- സ്വന്തം മുറി പഠനയിടം എന്നിവ സ്വയം വൃത്തിയാക്കുവാനും സാധനങ്ങൾ അടുക്കും ചിട്ടയോടെയും വയ്ക്കുവാനും ശിലിപ്പിക്കുക
- വീട്ടുജോലികളിൽ അമ്മമാരെ സഹായിക്കാൻ പ്രോത്സാഹിപ്പിക്കുക
- മിതത്വം ശീലിപ്പിക്കുക
- പ്രഭാതഭക്ഷണം നിർബന്ധമായും കഴിപ്പിക്കുക
- ഹോംവർക്കുകൾ കൃത്യമായി ചെയ്യുന്നതിനും രാത്രി തന്നെ ടൈം ടേബിൾ നോക്കി പുസ്തകം അടുക്കി വയ്ക്കുന്നതിനും പഠിക്കുന്നതിനും ഉള്ള ശീലങ്ങൾ ഉണ്ടാക്കിപ്പിക്കുക
- കുട്ടികളുടെ സ്വപ്നങ്ങൾക്കനുസരിച്ച് ഉയർന്നു വരുന്നതിനു വേണ്ടപ്രോത്സാഹനവും പിന്തുണയും നൽകുക

# പൊതുലക്ഷ്യം

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തും
- എല്ലാ കുട്ടികളെയും ചതുഷ്ക്രിയകളിൽ നൈപുണ്യം നേടാൻ പ്രാപ്തരാക്കും
- മലയാളം ഇംഗ്ലീഷ് ഭാഷകൾ നല്ലരീതിയിൽ കൈകാര്യം ചെയ്യുന്നതിനും ആശയവിനിമയശേഷി കൈവരിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കും
- സ്പോർട്സ് രംഗത്ത് മികച്ച നേട്ടം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ വേണ്ടത്ര പരിശീലനം നൽകാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും
- കുട്ടികളിലെ സർഗ്ഗാത്മക ശേഷി കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യും
- എല്ലാ കുട്ടികളെയും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യമുള്ളവർ ആക്കും
- മൂല്യബോധ്യവും സത്യസന്ധതയും ആത്മാർത്ഥതയും ഉള്ള കുട്ടികളായി വളർന്നു വരുന്നതിനുള്ള സാഹചര്യം ഒരുക്കും

# ലക്ഷ്യങ്ങൾ

- തുല്യതയ്ക്കും പൂർണതയ്ക്കും ഊന്നൽ നൽകും ക്യാമ്പസ് ഒരു പാഠപുസ്തകം എന്നരീതിയിൽ സ്കൂൾ ക്യാമ്പസ് മാറ്റിയെടുക്കും
- ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി
- ഓരോ ക്ലാസിലേയും പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും വിധം സസ്യലതാദികൾ ജീവികൾ ആവാസവ്യവസ്ഥകൾ എന്നിവയുടെ ചെറുരൂപങ്ങൾ വികസിപ്പിക്കും
- വായന മെച്ചപ്പെടുത്തുന്നതിനായി ഒന്നാം ക്ലാസിൽ വായനക്കൂട് തയാറാക്കും
- കവിത ആസ്വദിക്കുന്നതിന് അവതരിപ്പിക്കാൻ ഉള്ള കലയരങ്ങുകൾ സംഘടിപ്പിക്കും
- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി കൊണ്ട് വരുന്ന ക്ലാസ്റൂം സംവിധാനങ്ങൾ ഒരുക്കും

# ജി.എം.എൽ.പി.എസ് ഈരാറ്റുപേട്ട

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

അക്കാദമിക മികവു കൈവരിക്കുന്ന
തിനുള്ള പ്രവർത്തനങ്ങൾ,
കാലദൈർഘ്യം,
ക്ലാസ്സ്,വിഷയം,എന്നിവയുടെ
അടിസ്ഥാനത്തിൽ

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| പ്രീ പ്രൈമറി | മലയാളം | 1 | ആശയ വിനിമയശേഷി വികസിപ്പിക്കൽ | ഓഡിയോ,വീഡിയോ സംവിധാനങ്ങളുടെ സഹായത്തോടെ കഥ, കവിത, സംഭാഷണം, നാടകം, തുടങ്ങിയ വ്യവഹാര രൂപങ്ങൾ കുട്ടികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ-ഡിസംബർ | ക്ലാസ്സ് ടീച്ചർ | | |
| | | 2 | കഥ,കവിത മുതലായ വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ | ICT സാധ്യത പ്രയോജനപ്പെടുത്തുന്നു<br><br>കഥ,കവിത എന്നിവ യുടെ ഓഡിയോ, വീഡിയോ ക്ലിപ്പുകൾ അധ്യാപകർ തയ്യാറാ ക്കിഉപയോഗപ്പെടുത്തുന്നു. | | "<br>" | 1000 | ഹെഡ്മാസ്റ്റർ അദ്ധ്യാപകർ |
| | | 3 | കോറിയോഗ്രാഫി | കുട്ടികൾ ഹൃദ്യസ്ഥമാക്കിയകവിതകൾ കോറിയോഗ്രാഫി രൂപത്തിൽഅവതരിപ്പിക്കാൻ പരിശീലിപ്പിക്കുന്നു. | ജനുവരി-മാർച്ച് | അധ്യാപകർ | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | മലയാളം | 4 | കഥ,കവിതാ അരങ്ങ്, ബാലസഭ | മാസത്തിൽ രണ്ട് കഥ,കവിത എന്നിവ കുട്ടികൾ ബാലസഭയിൽ അവതരിപ്പിക്കുന്നു.<br>അക്ഷരക്കാർഡുകൾ തയ്യാറാക്കി നൽകുന്നു<br>അക്ഷരചിത്രങ്ങൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | അധ്യാപകർ | | അധ്യാപകർ |
| | ഇംഗ്ലീഷ് | 1 | സ്പോക്കൺ ഇംഗ്ലീഷ് | ക്ലാസ്സ് റൂം അന്തരീക്ഷ ത്തിലും വീട്ടിലും ലളിത മായി ആശയ വിനിമയം നടത്തുന്നതിനുള്ള പരിശീലനം ഓഡിയോ, വീഡിയോ ക്ലിപ്പുകളുടെ സഹായത്തോടെ നൽ കുന്നു. | ജൂൺ - ഡിസംബർ | പരിശീലനം ലഭിച്ച അധ്യാപക ർ | 500 രൂപ | |
| | ഗണിതം | | സംഖ്യബോധം | കുട്ടികളിൽ സഖ്യാബോധം ഉളവാക്കിയെടുക്കാൻ പര്യാപ്തമായ സുഖ്യാ ചിത്രങ്ങൾ നമ്പർ സോംങ്ങ്സ് എന്നിവ ICT സഹായത്താൽ നടപ്പിലാ ക്കുന്നു | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| ക്ലാസ്സ് 1 | മലയാളം | 1 | വായനോത്സവം | മാസത്തിൽ ഒരു തവണ കുട്ടി കൾസ്വയം → പുസ്തകാനുഭവം പങ്കിടുന്നു.കഥകളുടെ രംഗാ വിഷ്ക്കാരം നടത്തുന്നു | ജൂൺ - ഫെബ്രുവരി | അധ്യാപകർ | | |
| | | 2 | കഥപറയൽ | ജൂൺ മുതൽ അധ്യാപിക കുട്ടികൾക്ക് 1 കഥ വീതം പറഞ്ഞ് കൊടു ക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾക്ക് ഊന്നൽ നൽകുന്നു. | ജൂൺ - ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 3 | വായനക്കൂട് | കുട്ടികളിൽ വായന പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബാല പ്രസിദ്ധീകരണങ്ങൾ ഉൾകൊള്ളുന്ന വായന കൂട് നിർമ്മാണം. | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | 500 | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 4 | സംയുക്ത ഡയറി | കുട്ടികളുടെ സ്വതന്ത്ര രചനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സംയുക്ത ഡയറി നിർമ്മാണം | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>BRC |
| | | 5 | വായനക്കാർഡു നിർമ്മാണം | ഒന്നാം ക്ലാസിലെ കുട്ടികൾക്ക് അനുയോജ്യമായ വായനക്കാർഡുകൾ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്നു<br>ചിത്ര കർഡുകൾ വായനാ കാർഡുകൾ നിർമ്മാണം ശില്പശാല | ജൂലൈ - ജനുവരി | ക്ലാസ്സ് ടീച്ചർ<br>പിടിഎ | 500 | ഹെഡ്മാസ്റ്റർ<br>SRG കൺവീനർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 6 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരക്കുക | വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന, ചങ്ങല വായന, സ്വന്തവായന ഇവയ്ക്കു പ്രോത്സാഹനം നൽകുന്നു<br>ചിത്ര വായനക്കു അവസരം നൽകുന്നു<br>അക്ഷരപ്പാട്ടുകൾ നൽകി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 7 | വളരുന്ന അക്ഷര പുസ്തകം | അക്ഷരക്കാർഡ് , വാക്യ നിർമ്മാണം. ഓരോ യൂണിറ്റിലും ഊന്നൽ നൽകുന്ന അക്ഷരം ചിഹ്നം ഇവ ചേർന്ന് വരുന്ന പദങ്ങൾ രേഖപ്പെടുത്താനുള്ള പുസ്ത്കം തയാറാക്കുന്നു | ജൂൺ - ഫെബ്രുവരി | അദ്ധ്യാപകർ | BRC | അധ്യാപക ർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് | 1 | സ്പോക്കൺ ഇംഗ്ലീഷ് | ക്ലാസ്സ് റൂം അന്തരീക്ഷ ത്തിലും വീട്ടിലും ലളിത മായി ആശയ വിനിമയം നടത്തുന്നതിനുള്ള പരിശീലനം ഓഡിയോ, വീഡിയോ ക്ലിപ്പുകളുടെ സഹായത്തോടെ നൽ കുന്നു. | | ക്ലാസ്സ് ടീച്ചർ | | ഹെഡ് മാസ്റ്റർ |
| | | 2 | റിഡേഴ്സ് തിയറ്റർ | ഇംഗ്ലീഷ് വായന മെച്ചപ്പെടുത്തുന്നതിന് പാഠഭാഗങ്ങൾ റെഡേഴ്സ് തിയറ്ററിൽ അവതരിപ്പിക്കുന്നു | ജൂൺ - ഫെബ്രുവരി | | | രക്ഷിതാക്കൾ |
| 1 | ഗണിതം | | സംഖ്യാബോധം | •കുട്ടികളിൽ സഖ്യാബോധം ഉളവാക്കിയെടുക്കാൻ പര്യാപ്തമായ സുഖ്യാ ചിത്രങ്ങൾ നമ്പർ സോംങ്ങ്സ് എന്നിവ ICT സഹായത്താൽ നടപ്പിലാ ക്കുന്നു | | ക്ലാസ്സ് ടീച്ചർ | | ക്ലാസ്സ് ടീച്ചർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | | | •സംഖ്യാബോധം ഉളവാക്കൻ എണ്ണം പറഞ്ഞും പറയിപ്പിച്ചും,പരസ്പരം ഷെയ്ഡ് ചെയ്യിപ്പിച്ചും പ്രവർത്തനങ്ങൾ നല്കിയും,പ്ലക്ക് കാർഡുകൾ ഉപയോഗിച്ചും ചിത്രങ്ങളുടെ നിർമിതിയിലൂടെ യും സംഖ്യമനസ്സിലാക്കിയതിനു ശേഷം എഴുതുന്നതിനും പരിശീലനം നൽകുന്നു.<br><br>•സംഖ്യകൾ ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. ഒറ്റയായും ഗ്രൂപ്പായും ഇരുത്തി വസ്തുക്കൾ നിരത്തി സംഖ്യാബോധം വലിപ്പം, ചെറുപ്പം,എന്ന ക്രമീകരണത്തിലും സ്വയത്തമാക്കുന്നു.സങ്കലനവുംപരിശീലിക്കുന്നു. | ജൂൺ - ഫെബ്രുവരി<br><br>ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br><br>അധ്യാപക ർ<br><br>BRC |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 2 | മലയാളം | 1 | അക്ഷരം, ചിഹ്നം ഉറപ്പിക്കൽ | ചിത്രങ്ങൾ, അക്ഷരക്കാർഡുകൾ ഇവയുടെ സഹായത്തോടെ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു.<br>ICT സാധ്യത ഉപയോഗിച്ച് ദൃശ്യാനുഭവം പ്രദാനം ചെയ്യുന്നു | ജൂൺ - ആഗസ്റ്റ് | അധ്യാപകർ | | BRC |
| | | 2 | വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ | പിന്നക്കക്കാരെ കണ്ടെത്തൽ , വാക്കുകൾ / വാക്യങ്ങൾ നിർമിക്കൽ<br>അക്ഷരക്കാർഡുകൾ വാക്കുകൾ എഴുതിയ കാർഡ് ചിത്രങ്ങൾ വാക്കുകൾ രൂപീകരിക്കുന്നു വാക്യ നിർമ്മാണം നടത്തുന്നു | ജൂൺ - ഒക്ടോബർ | അധ്യാപക ർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 3 | സംയുക്ത ഡയറി | കുട്ടികളുടെ സ്വതന്ത്ര രചനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സംയുക്ത ഡയറി നിർമ്മാണം | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br>രക്ഷിതാക്കൾ | . | ഹെഡ്മാസ്റ്റർ<br>BRC |
| | | 4. | കഥപറയൽ | പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു | ജൂലൈ - ജനുവരി | ക്ലാസ്സ് ടീച്ചർ | | അധ്യാപക ർ |
| | | 5 | വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തൽ | ലഘു വിവരണം പതിപ്പ്<br>പോസ്റ്റർ,കവിത പൂരണം വായന കാർഡുകൾ എന്നിവ പരിചയപ്പെടുത്തൽ | ജൂൺ - ആഗസ്റ്റ് | ടീച്ചർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 6 | വായനയെ പ്രോത്സാഹിപ്പിക്കൽ | വീട്ടു വായന<br>കൂട്ടു വായന<br>അമ്മ വായന<br>ചിത്ര വായന | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | 500 | ഹെഡ്മാസ്റ്റർ , BRC<br>പിടിഎ |
| | | 7 | സർഗ്ഗശേഷി വികസനം | സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>പ്രാദേശിക കലകൾ പരിചയപ്പെടൽ,<br>പ്രദേശികകലകളുടെ അവതരണം<br>കാവ്യോത്സവം<br>ഭാഷോത്സവം, രചനോത്സവം എന്നിവ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>BRC |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 8 | റീഡേഴ്സ് തിയറ്റർ | മലയാളവുമായി ബന്ധപ്പെട്ട കഥകൾ റിഡേഴ്സ് തീയറ്റർ എന്ന പുതിയ അവതരണ രീതി ഉപയോഗിച്ച് അവതരിപ്പിക്കുന്നു. വായനയിൽ പിന്നാക്കം നിൽകുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ഈ രീതിയിൽ നൽകാൻ സാധിക്കും | ജൂൺ - ജനുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>ബിപിസി |
| | | 9 | വായനമൂല | വായന പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ബാല പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുന്ന വായന മൂലകൾ തറയാക്കുന്നു | ജൂലൈ - ജനുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 2 | ഇംഗ്ലീഷ് | 1 | റീഡേഴ്സ് തീയറ്റർ | ഇംഗ്ലീഷ് വായന മെച്ചപ്പെടുത്തുന്നതിന് പാഠഭാഗങ്ങൾ റീഡേഴ്സ് തിയറ്ററിൽ അവതരിപ്പിക്കുന്നു | ജൂലൈ - ഫിബ്രവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 2 | സ്പോക്കൺ ഇംഗ്ലീഷ് | ക്ലാസ്സ് റൂം അന്തരീക്ഷ ത്തിലും വീട്ടിലും ലളിത മായി ആശയ വിനിമയം നടത്തുന്നതിനുള്ള പരിശീലനം ഓഡിയോ, വീഡിയോ ക്ലിപ്പുകളുടെ സഹായത്തോടെ നൽ കുന്നു. | ജൂൺ - മാർച്ച് | പ്രത്യേക നൈപുണ്യം നേടിയ ടീച്ചർ | | ഹെഡ്മാസ്റ്റർ<br>അധ്യാപക ർ |
| | | 3. | വായനകൂട്ടം | കുട്ടികൾക്ക് വായിക്കാൻ ഉതകുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ പരസ്പരം കൈമാറി വായിക്കുന്നു | ജൂലൈ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>BRC |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 2 | ഗണിതം | 1 | സംഖ്യാബോധം | •സംഖ്യാബോധം ഉളവാക്കൻ എണ്ണം പറഞ്ഞും പറയിപ്പിച്ചും,പരസ്പരം ഷെയ്ഡ് ചെയ്യിപ്പിച്ചും പ്രവർത്തനങ്ങൾ നല്കിയും,പ്ലക്ക് കാർഡുകൾ ഉപയോഗിച്ചും ചിത്രങ്ങളുടെ നിർമിതിയിലൂടെ യും സംഖ്യമനസ്സിലാക്കിയതിനു ശേഷം എഴുതുന്നതിനും പരിശീലനം നൽകുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>അധ്യാപകർ |
| | | 2 | ഗണിത മൂല | • ഗണിതവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, രൂപങ്ങൾ, നിർമ്മിതികൾ , കളിയുപകരണങ്ങൾ എന്നിവ ക്ലാസിൽ ക്രമീകരിക്കുകയും കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | | അധ്യാപകർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | മലയാളം | 1 | കുട്ടികളെ മികച്ച വായനക്കാരനാക്കുക | ക്ലാസ്സ് വായനക്കൂട്ടം രൂപികരിക്കൽ<br>ദിനാചരണങ്ങളിൽ ആസ്വാദ്യകരമായ വായനാനുഭവം പങ്കുവയ്ക്കൽ<br>പത്ര വായന,അമ്മ വായന വായനക്കുറിപ്പ് പതിപ്പ് പുസ്തക ചർച്ച | ആറ് മാസം | അധ്യാപകർ | | അധ്യാപകർ |
| | | 2. | കാവ്യോത്സവം | പാഠപുസ്തകത്തിലെ കവിതകളും അതുമായി ബന്ധപ്പെട്ട മറ്റ് കവിതകളും ഈണത്തിലും താളത്തിലും പാടി അവതരിപ്പിച്ചു ആസ്വദിക്കുന്നത്തിന് അവസരം ഒരുക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | | 3. | കാവ്യക്കൂട്ടം | കുട്ടികളുടെ കവിതകൾ അധ്യാപകരുടെ കവിതകൾ,രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ പ്രാദേശിക സാഹിത്യകാരൻമാർ കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യ കൂട്ടം സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | | അധ്യാപക ർ<br>പിടിഎ |
| | | 4. | ഭാഷാപ്രൊജക്റ്റുകൾ | ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു '(പാഠപുസ്തകവുമായി ബന്ധപ്പെട്ടവ) | ജൂൺ - ഡിസംബർ | | | BRC<br>ക്ലാസ്സ് ടീച്ചർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | | 5 | സർഗാത്മക ഡയറി | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ മെച്ചപ്പെടുത്താനും എഴുത്തുകളിൽ സാഹിത്യ മൂല്യങ്ങൾ കൈ വരുത്തുന്നതിനും വേണ്ടി സർഗ സൃഷ്ടികൾ ഉൾപ്പെടുന്ന സർഗാത്മക ഡയറി എഴുത്ത് | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | BRC ഹെഡ്മാസ്റ്റർ |
| | | 6. | ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | വ്യത്യസ്ത ആശയ വിനിമയ വ്യവഹാര രൂപങ്ങൾ തയാറാക്കാൻ അവസരം നൽകുന്നു | ജൂൺ - ജനുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 7. | കഥ,കവിത അരങ്ങ് | കഥ, കവിത എന്നിവ അവതരിപ്പിക്കുന്നതിന് എല്ലാ മാസവും അവസരം | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | | അധ്യാപകർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | | 8 | മാഗസിൻ തയറാക്കൽ | എല്ലാ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് ക്ലാസ്സ് തലത്തിൽ മാഗസിനുകൾ തയാറാക്കുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>അധ്യാപകൻ |
| | | 9 | ചുമർമാസിക | ഓരോ യൂണിറ്റ് കഴിയുമ്പോഴും ഭാഷാവികസനത്തിന് വ്യത്യസ്തത വ്യവഹാര രൂപങ്ങളായ വർത്തകൾ, ചിത്രങ്ങൾ,വിവരണം,എന്നിവ ഉൾപ്പെടുത്തി മാഗസിൻ ഇറക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | | ഹെഡ് മാസ്റ്റർ |
| | | 10. | ശില്പശാലകൾ സംഘടിപ്പിക്കൽ | ക്ലാസ്സ് തലത്തിൽ എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു.ഇതിൽ പാഠഭാഗത്തിലെ കഥകൾ ഉള്ളടക്കമാക്കുന്നു.പ്രദേശിക | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | | | | കഥാകൃത്തുക്കളുടേയും,പൂർവ്വ വിദ്യാർത്ഥികളുടേയോ, മറ്റ് അധ്യാപകരുടേയോ സഹായം തേടുന്നു | | അധ്യാപകർ<br>പ്രാദേശിക കഥാകൃത്തുക്കൾ, പൂർവ്വ വിദ്യാർത്ഥികൾ | | BRC |
| | | 11. | ക്ലാസ്സ് പത്രം | മാസത്തിൽ ഒരു ക്ലാസ്സ് പത്രം, ഒരു ടേമിൽ ഒരു സ്കൂൾ പത്രം ഇവ തയാറാക്കുന്നു. | ജൂൺ - ഫെബ്രുവരി | അധ്യാപകർ | | ഹെഡ്മാസ്റ്റർ , അധ്യാപകൻ |
| | | 12. | അറിവ് ഡോക്യൂമെന്ററിയിലൂടെ | കുട്ടികളുടെ വിവിധപരിപാടികളുടെ ഡോക്യൂമെന്റഷൻ. സാഹിത്യകാരൻമാരുമായുള്ള അഭിമുഖങ്ങൾ പ്രദർശനം | ജൂൺ - ഫെബ്രുവരി | അധ്യാപകർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | ഇംഗ്ലീഷ് | 1. | SPEAKING ENGLISH | (LONG TERM PROGRAMME)<br>• Provides a lot of opportunities for children to listen and speak in English, through effective teacher's talk and also with the help of effective audio/visual text in the class room<br>• Read and enjoy the stories and rhymes related to the text with the help of teachers | June - march | Class teacher | RS 500 | Head Master<br>Teachers |
| | | 2 | CLASS ROOM LIBRARY | •Arranging class room library for children with suitable and simple stories and poems | | | | |
| | | 3. | SPOKEN ENGLISH | • We are conducting spoken English classes for children without affecting the class time. It helps the children to build their speaking skills in English and uses english as a communicative language | June - march | Trained Teachers | | Teachers |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | | 4 | MAGAZINE | (Short term programme)<br>Each students should prepare an English magazine including different items like stories, puzzles, and game,picture stories, and letters etc....organize exhibition to display this magazine. | June - January | Class teacher | | Headmaster<br>BRC |
| | | 5. | SHORT FILM | We decide to make a short filim and it will exhibit in the anniversary.we need the help of all parents | February | Teachers | | Headmaster<br>PTA |
| | | 6. | READERS THEATRE | We are conducting readers theatre of each unit and showcase that to the parents at different occasions | June - February | Teachers | | Parents |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 3 | ഗണിതം | 1 | സംഖ്യാബോധം | സംഖ്യാ കാർഡ് നിർമ്മാണം,ഗണിതകിറ്റ് നിർമ്മാണം,സംഖ്യാ ഗാനം ആസ്വദിക്കൽ,ഒറ്റ സംഖ്യാ ഇരട്ട സംഖ്യതിരിച്ചറിയൽ മുതലായ പ്രവർത്തനങ്ങളിലൂടെ സംഖ്യബോധം വളർത്തൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 2 | മൂന്നക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | മൂന്നക്ക സംഖ്യകൾ വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു. അവയുൾപ്പെടുന്ന ചതുഷ് ക്രിയകൾ ചെയ്യുന്നു | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 3 | രൂപങ്ങൾ വരക്കാം | ജ്യമിതീയ രൂപങ്ങൾ തിരിച്ചറിയൽ - ചേർത്ത് വെച്ച് രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ - ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | | അധ്യാപകർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 4. | ഗണിത പഠനം ആസ്വാദ്യകരമാക്കൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം, ഗണിത ആൽബം നിർമ്മാണം, പ്രദർശനം, ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ, പഠന ഉത്പന്നങ്ങളുടെ പ്രദർശനം, പഠനോപകരണങ്ങളുടെ നിർമ്മാണം /പ്രദർശനം | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചർ SRG കൺവീനർ | | ഹെഡ്മാസ്റ്റർ BRC |
| | | 5 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | കലണ്ടർ പതിപ്പ് തയ്യാറാക്കൽ,കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ ക്ലാസ്സിൽ ഒരു കട , കച്ചവടക്കണക്ക് ,വില വിവരപ്പട്ടിക തയ്യാറാക്കൽ , , സമയം നോക്കി പറയൽ മുതലായ പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പ്രശ്ന പരിഹരണ ശേഷി നേടുന്നു | ജൂൺ - മാർച്ച് | അധ്യാപകർ | | ഹെഡ്മാസ്റ്റർ അധ്യാപകർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 4 | മല യാളം | 1 | കാവ്യോത്സവം | പാഠപുസ്തകത്തിലെ കവിതകളും അതുമായി ബന്ധപ്പെട്ട മറ്റ് കവിതകളും ഈണത്തിലും താളത്തിലും പാടി അവതരിപ്പിച്ചു ആസ്വദിക്കുന്നതിന് അവസരം ഒരുക്കുന്നു | ജൂലൈ ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | അധ്യാപകർ |
| | | 2. | റിഡേഴ്സ് തിയറ്റർ | മലയാളവുമായി ബന്ധപ്പെട്ട കഥകൾ റിഡേഴ്സ് തീയറ്റർ എന്ന പുതിയ അവതരണ രീതി ഉപയോഗിച്ച് അവതരിപ്പിക്കുന്നു. വായനയിൽ പിന്നാക്കം നിൽകുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ഈ രീതിയിൽ നൽകാൻ സാധിക്കും | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | അധ്യാപക ർ<br>ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 3 | സർഗാത്മക ഡയറി | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ മെച്ചപ്പെടുത്താനും എഴുത്തുകളിൽ സാഹിത്യ മൂല്യങ്ങൾ കൈ വരുത്തുന്നതിനും വേണ്ടി സർഗ സൃഷ്ടികൾ ഉൾപ്പെടുന്ന സർഗാത്മക ഡയറി എഴുത്ത് | ജൂലൈ ഫെബ്രുവരി | ക്ലാസധ്യാപിക | | ഹെഡ്മാസ്റ്റർ BRC |
| | | 4 | എഴുത്തുകൂട്ടം രൂപീകരണം | സർഗസൃഷ്ട്ടികളുടെ കൂടാരങ്ങളിലൂടെ വായനകുറിപ്പ് രചന പരിചയക്കുറിപ്പ് തയ്യാറാക്കൽ പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കൽ<br>സാഹിത്യകാരൻമാരും ആയുള്ള സംവാദം അഭിമുഖം രചയിതാക്കളെ പരിചയപ്പെടാനുള്ള അസരം ഒരുക്കുന്നു. | ജൂൺ ജനുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 5.<br><br><br><br><br><br><br><br><br><br><br><br><br><br>6. | ക്ലാസ്സ് - സ്കൂൾ ബാലസഭകൾ<br><br><br><br><br><br><br><br><br><br><br><br><br><br>രചയിതാക്കളെ<br>പരിചയപ്പെടൽ | ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസഭ രൂപീകരണം സ്കൂളിൽ യോഗംസംഘടിപ്പിക്കൽ , വിദ്യാലയത്തിനു പുറത്ത് ബാലസഭകൾ രൂപീകരിക്കൽ. പൊതുജനപങ്കാളിത്തം സാഹിത്യകാരന്മാരുടെ സാന്നിധ്യം ഒരുക്കൽ<br>അസംബ്ലിയിൽ ഒരു ഇനം അവതരണം<br>കൃതികൾ,സംഭാവന, സവിശേഷത, ഇവ പരിചയപ്പെടുത്തൽ രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ പരിചയപ്പെടുത്തൽ കുറിപ്പുകൾ കുറിപ്പുകൾ പവർപോയിന്റ് അവതരണം രചയിതാക്കളുടെ ജനന- | ജൂലൈ<br>ജനുവരി<br><br><br><br><br><br><br><br><br><br><br><br><br>ജൂൺ<br>ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br><br><br><br><br><br><br><br><br><br><br><br><br><br><br>ക്ലാസ്സ് അധ്യാപകൻ | | ഹെഡ്മാസ്റ്റർ<br><br><br>പിടിഎ<br><br><br><br><br><br><br><br><br><br><br><br>അധ്യാപക ർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | | | മരണ ദിനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രോഗ്രാം സംഘടിപ്പിക്കുന്നു | | | | |
| | | 7. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു അവർക്ക് വേണ്ട പ്രത്യേകം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | | ഹെഡ് മാസ്റ്റർ |
| | | 8 | വായനക്കൂട്ടം | ചെറുകഥകൾ, കവിതകൾ വയനകാർഡുകൾ എന്നിവ ഉപയോഗപ്പെടുത്തി വായന മെച്ചപ്പെടുത്തുന്നു | ജൂൺ - ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 9 | കഥയരങ്ങ്, കവിയരങ്ങ് | കഥ,കവിത എന്നിവ അവതരിപ്പിക്കാൻ ഉള്ള അരങ്ങുകൾ എല്ലാ മാസവും നൽകുന്നു | ജൂലൈ മാർച്ച് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 10. | വായനമൂല | വായന പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ബാല പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുന്ന വായന മൂലകൾ തറയാക്കുന്നു. | ജൂൺ ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 11. | പത്രവായന | ഓരോ കുട്ടിയും പത്രം വായിച്ചു പത്രക്കുറിപ്പുകൾ തയാറാക്കുന്നു | ആഗസ്റ്റ് ജനുവരി | ടീച്ചർ രക്ഷിതാവ് | | ഹെഡ്മാസ്റ്റർ |
| | | 12 | പതിപ്പ് നിർമ്മാണം | വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി സ്വന്തം കൈപ്പടയിൽ പതിപ്പ് നിർമ്മാണം (വ്യക്തിഗത പ്രവർത്തനം) | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | അധ്യാപകർ |
| | | 13 | മാഗസിൻ നിർമ്മാണം | എല്ലാ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് ക്ലാസ്സ് തലത്തിൽ മാഗസിനുകൾ തയാറാക്കുന്നു | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 4 | | 14 | കയ്യെഴുത്ത് മാസിക | രക്ഷകർത്താക്കളുടെ പങ്കാളിത്തത്തോടെ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | അധ്യാപകർ |
| | | 15 | അറിവ് ഡോക്യൂമെന്ററിയിലൂടെ | കുട്ടികളുടെ വിവിധപരിപാടികളുടെ ഡോക്യൂമെന്റഷൻ. സാഹിത്യകാരൻമാരുമായുള്ള അഭിമുഖങ്ങൾ പ്രദർശനം | ജൂൺ - നവംബർ | | | |
| | | 16. | സർഗ്ഗശേഷി വികസനം | സർഗോത്സവം,പാചകക്കുറിപ്പ് പതിപ്പ് നിർമ്മാണം, പ്രാദേശിക കലകൾ പരിചയപ്പെടൽ,പ്രദേശികകലകളുടെ അവതരണം, പാവനടകം-ശിൽപശാല, കൃഷി പാട്ടുകൾ/കൃഷി ചൊല്ലുകൾ അവതരണം, നാടൻപാട്ട് ശിൽപശാല,ഭാഷോത്സവം, രചനോത്സവം എന്നിവ സംഘടിപ്പി ക്കൽ | ജൂലൈ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br>പിടിഎ | | ഹെഡ്മാസ്റ്റർ<br>പിടിഎ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 17 | ശില്പ ശാല | പ്രാദേശിക കഥാകൃത്തുക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരുടെ സഹായത്തോടെ ശില്പ ശാലകൾ ഒരുക്കൽ | ജൂൺ - ജനുവരി | ക്ലാസ്സ് ടീച്ചർ പിടിഎ | | ഹെഡ്മാസ്റ്റർ |
| | | 18 | ലൈബ്രറി നവീകരണം | **(ദീർഘകാലം)**<br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക,ലൈബ്രറി നവീകരണത്തിലൂടെ വർഷത്തിൽ ഒരു കുട്ടിക്ക് 20 പുസ്തകം എങ്കിലും വായിക്കാൻ അവസരം ഒരുക്കൽ. മാസത്തിൽ ഒരു രചന പരിചയക്കുറിപ്പ് തയ്യറാക്കി അവതരിപ്പിക്കൽ.<br>മികച്ച രചനകൾ പ്രകാശനം ചെയ്യൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>BRC |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 19 | രചനപരിചയ ക്കുറിപ്പ് | ലൈബ്രറിയിൽ നിന്നും വായിക്കുന്ന പുസ്തകങ്ങള് മറ്റു കുട്ടികൾക്കും വായിക്കാൻ തോന്നത്തക്ക വിധത്തിൽ രചനകളെ പരിചയപ്പെടുത്തുന്ന കുറിപ്പുകൾ തയാറാക്കൽ, അസംബ്ലിയിൽ അവതരിപ്പിക്കൽ | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ<br>അധ്യാപകർ |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 4 | ENGLISH | 1 | DRAMA & THEATRE SCRIPT WRITING | **(Short term Programme)**<br>Make a play related to their text book and exibit in the anniversary. | June - August | Class Teacher | | Headmaster<br>Teachers |
| | | 2 | READERS THEATRE | We are conducting readers theatre of each unit and showcase that to the public at different occasion | July - January | Class Teacher | | Headmaster |
| | | | | **Long Term Programme** | | | | |
| | | 3 | SPOKEN ENGLISH | We are conducting spoken English classes for children without affecting the class time. It helps the children to build their speaking skills in English and uses english as a communicative language | June - March | Trained Teachers | | Headmaster<br>Teachers<br>BRC |
| | | 4 | CHOREOGRAPHY | Acting choreography related to their English rhymes | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 5 | POETRY/ STORY TIME | Reads English Story/Poem once in a week and write the short note of them. | June - march | Class Teacher | | Head Master |
| | | 6 | THEATRE GAMES,WORD GAMES | Theatre games, word games puzzles, jumbledwords, riddles ,Add more lines making, teaching learning meterials and exhibition in the anniversary. | June- march | Teachers | | Trained Teachers |
| | | 7 | NEWS READING | Give more opportunities to read and enjoy the stories and rhymes, speech related to the text with the help of teachers. | | | | |
| | | 8 | A WORD IN A DAY | All of the children should learn one word in aday& also understand the pronounciation &meaning of it, in ayear all of them learn atleast 200 words. | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 9 | MAGAZINE | To prepare magazine (include Rhymes, Puzzles, Riddles, Drawing Stories etc) and also prepare parents magazine | June - December | Teachers<br>Parents | | Head Master |
| | | 10 | MY BOOK | Atleast read minimum of 5 English book with in an year | June - March | Teachers | | Teachers |
| | | 11 | STORY & POEM | Learn one story and poem in a month. Children should learn atleast 5 stories and 5 poems at the end of the year. | August - February | | | |
| | | 12 | ASSEMBLY | Conducts English assembly twice in a week | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 4 | ഗണിതം | 1 | ഒറിഗാമി ശില്പശാല | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | ജൂലൈ-നവംബർ | | | |
| | | 2 | പ്രായോഗിക പ്രശ്ന പരിഹരണം | കലണ്ടർ പതിപ്പ് തയ്യാറാക്കൽ,കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ ക്ലാസ്സിൽ ഒരു കട , കച്ചവടക്കണക്ക് ,വില വിവരപ്പട്ടിക തയ്യാറാക്കൽ , സമയം നോക്കി പറയൽ മുതലായ പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പ്രശ്ന പരിഹരണ ശേഷി നേടുന്നു | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 3 | സംഖ്യാബോധം | സംഖ്യാ കാർഡ് നിർമ്മാണം,ഗണിതകിറ്റ് നിർമ്മാണം,സംഖ്യാ ഗാനം ആസ്വദിക്കൽ,ഒറ്റ സംഖ്യാ ഇരട്ട സംഖ്യതിരിച്ചറിയൽ മുതലായ പ്രവർത്തനങ്ങളിലൂടെ സംഖ്യബോധം വളർത്തൽ | | | | |
| | | 4 | മൂന്നക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | നാലക്ക സംഖ്യകൾ വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു. അവയുൾപ്പെടുന്ന ചതുഷ് ക്രിയകൾ ചെയ്യുന്നു | | | | |
| | | 5 | രൂപങ്ങൾ വരക്കാം | ജ്യമിതീയ രൂപങ്ങൾ തിരിച്ചറിയൽ - ചേർത്ത് വെച്ച് രൂപങ്ങൾ നിർമ്മിക്കൽ | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| 4 | പരിസര പഠനം | 1 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുക<br>നാടറിയാൻ- നാട്ടറിവുകൾ | 1)പ്രകൃതി നടത്തം<br>2)പൂന്തോട്ടം ഒരുക്കാം,<br>തൈ നടാം<br>3) പോസ്റ്റർ നിർമ്മാണം<br>4) ഫീൽഡ് ട്രിപ്പ്<br>5) ശുചിത്വ മത്സരം നടത്തൽ | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 2 | ഭൂപടം ഒരുക്കാം | 1) ഭൂപട രചന<br>2)ഭൂപട വായന<br>3)സൂചിക നിര്മ്മാണം | ജൂലൈ ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | | ഹെഡ്മാസ്റ്റർ |
| | | 3 | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | 1)ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികള് ഒരുക്കൽ<br>2)പരീക്ഷണങ്ങള് സംഘടിപ്പിക്കൽ | | | | |

| ക്ലാസ്സ് | വിഷയം | ക്രമ നമ്പർ | കർമ്മപദ്ധതി | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തിക വിശകലനം | വിലയിരുത്തൽ/പിന്തുണ |
|---|---|---|---|---|---|---|---|---|
| | | 4 | ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം | ജൂലൈ - ജനുവരി | അധ്യാപകർ | | ഹെഡ്മാസ്റ്റർ അധ്യാപകർ |
| | | 5 | ശാസ്ത്രോത്സവം | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം ,പരീക്ഷണം ഇവയുടെ പ്രദർശനം | ജൂലൈ | സയൻസ് ക്ലബ് | | ഹെഡ്മാസ്റ്റർ അധ്യാപക |
| | | 6 | ശാസ്ത്രമാസിക | ശാസ്ത്രമാസികയുടെ നിർമ്മാണം | ഒരു വർഷം | സയൻസ് അദ്ധ്യാപിക | | അധ്യാപകർ |

# ARABIC

ACADEMIC MASTERPLAN

2025-26



GMLPS ERATTUPETTA

لغة عربية

# ആമുഖം

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ കുട്ടികൾക്ക് Listening, Speaking, Reading, Writing എന്നീ നാല് ഭാഷാ ശേഷികൾ പ്രാഥമികവും, ലളിതവുമായ ഒരു അടിത്തറ ഉണ്ടാക്കാൻ ആവശ്യമായ ആസൂത്രണങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ രൂപപ്പെടുത്തിയിട്ടുള്ളത്.
ഭാഷ സ്വതന്ത്രമായി ഉപയോഗിക്കാൻ അതുവഴി കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കുക എന്നതും പ്രധാനമാണ്.
ഭാഷാ പഠനത്തിൽ ആർജിത ശേഷികൾ കൈവരിക്കുന്നതിനും അറബി ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ ഊന്നൽ നൽകിയിട്ടുള്ളത്.

മുഹമ്മദ് യാസീൻ എ.യു
അഷ്റഫ് പി. എസ്
ഫിറോസ് പി. ബി
ഹസീന സി. എ

വിഷയം: അറബിക്

ക്ലാസ് : 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടമാണ് ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക<br>• ലാംഗ്വേജ് ഗെയിംസ് | ജൂൺ<br>മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| അക്ഷര രൂപ വ്യത്യാസം മനസിലാക്കുക | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്ര വായന<br>• വീട്ടുവായന<br>• അക്ഷര കാർഡുകളാ ഉപയോഗിച്ച് വിവിധ തരം കളികൾ<br>• ഇ വായന | ജൂൺ<br>മാർച്ച് | | |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ്<br>എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക<br>ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ<br>മാർച്ച് | | |

വിഷയം: അറബിക്
ക്ലാസ് : 2

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നത്തിന് ആത്മ വിശ്വാസം വളർത്തിയെടുക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ<br>മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വീട്ടു വായന ക്ലാസ് വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ<br>മാർച്ച് | | |
| സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടിയെടുക്കുക<br>ചെറു വാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | വിശേഷ ദിവസങ്ങളിൽ വായന മത്സരങ്ങൾ നടത്തുക<br>ഇ വായന | ജൂൺ<br>മാർച്ച് | | |

**വിഷയം: അറബിക്**

**ക്ലാസ് : 3**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക | ജൂൺ<br>മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ | • കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ<br>മാർച്ച് | | |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വീട്ടു വായന ക്ലാസ് വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ<br>മാർച്ച് | | |
| ചെറു വിവരങ്ങൾ തയ്യാറാക്കാനുള്ള ശേഷി വളർത്തിയെടുക്കുക. | ചിത്രങ്ങൾ കൊടുത്ത് സ്വതന്ത്രമായി വാക്യങ്ങൾ എഴുതാൻ പരിശീലിപ്പിക്കുക<br>ചുമർ പത്രിക നിർമ്മാണം<br>ചാർട്ട് എഴുത്ത്<br>കയ്യെഴുത്ത് മത്സരം | ജൂൺ<br>മാർച്ച് | | |

വിഷയം: അറബിക്
ക്ലാസ് : 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിത്യ ജീവിതത്തിൽ അറബിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• പ്രസംഗ മത്സരം<br>• അറബിക് അസ്സംബ്ലി | ജൂൺ മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| സ്വതന്ത്രമായ വായനക്ക് ശേഷി ശക്തിപ്പെടുത്തുക കുട്ടികളിൽ വായന താല്പര്യം ജനിപ്പിക്കുകയും അതിലൂടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക യും ചെയ്യുക | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വീട്ടു വായന ക്ലാസ് വായന<br>• വായന മത്സരങ്ങൾ<br>• ഇ വായന | ജൂൺ മാർച്ച് | | |
| വാക്കുകളുടെ അർഥം മനസിലാക്കി അവ ഉപയോഗിച്ച് വിവരങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | കയ്യെഴുത്ത് മത്സരം<br>മാഗസിൻ നിർമ്മാണം<br>അടിക്കുറിപ്പ് മത്സരം<br>ചിത്ര കഥ നിർമ്മിക്കൽ<br>ചുമർ പത്രിക<br>കുട്ടിക്കവിത രചിക്കാൻ പരിശീലിപ്പിക്കുക | ജൂൺ മാർച്ച് | | |